**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1864** **20-06-2024 - ൽ മറുപടിയ്ക്ക്**

**കോതമംഗലം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നുള്ള എക്സ്പ്രസ് സർവ്വീസ് പുനരാരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും വർഷങ്ങളായി രാവിലെ 6.30-ന് തിരുവനന്തപുരത്തേക്ക് സർവ്വീസ് നടത്തിക്കൊണ്ടിരുന്ന എക്സ്പ്രസ് സർവീസ് നിർത്തലാക്കി പകരം സൂപ്പർഫാസ്റ്റ് സർവീസ് ആക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏങ്കിൽ ഇങ്ങനെ ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; | (എ) | കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാക്കാത്ത വിധത്തിലുള്ള സർവീസുകൾ, ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ കൂടുതൽ യാത്രക്കാർക്ക് ഗുണകരമാകുന്ന രീതിയിലോ പുനഃക്രമീകരണം നടത്തി വരികയാണ്. ഇത്തരത്തിൽ പുനഃക്രമീകരണ നടപടികളുടെ ഭാഗമായി 39 സീറ്റുകളുള്ള സൂപ്പർ എക്സ്പ്രസ് ബസ്സിന് പകരമായി 53 സീറ്റുകളും 12 അധിക സ്റ്റാൻഡിംഗ് യാത്രക്കാർക്കും പ്രയോജനകരമായ വിധത്തിൽ സൂപ്പർ ഫാസ്റ്റ് ബസ് അനുവദിച്ചതിലൂടെ കൂടുതൽ യാത്രക്കാർക്ക് പ്രയോജനകരമാകുന്നതും, സൂപ്പർ എക്സ്പ്രസ് ബസ് നടത്തുന്ന അതേ സമയക്രമത്തിൽ തന്നെ സൂപ്പർഫാസ്റ്റ് ബസ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ചെലവ് വർദ്ധിക്കാതെ തന്നെ 2024 ഏപ്രിൽ മാസത്തെ കണക്ക് അനുസരിച്ച് ശരാശരി പ്രതി കിലോമീറ്റർ വരുമാനമായ 44.07 രൂപയിൽ നിന്നും 2024 ജൂൺ മാസത്തിൽ 50.54 രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഇത്തരത്തിൽ താരതമ്യേന കൂടിയ വരുമാനം ലഭ്യമാകുന്ന സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. |
| (ബി) | നിർത്തലാക്കിയ എക്സ്പ്രസ് സർവീസ് പുനരാരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാക്കാത്ത വിധത്തിലുള്ള സർവീസുകൾ, ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ കൂടുതൽ യാത്രക്കാർക്ക് ഗുണകരമാകുന്ന രീതിയിലോ പുനഃക്രമീകരണം നടത്തി വരികയാണ്. ഇത്തരത്തിൽ പുനഃക്രമീകരണ നടപടികളുടെ ഭാഗമായി 39 സീറ്റുകളുള്ള സൂപ്പർ എക്സ്പ്രസ് ബസ്സിന് പകരമായി 53 സീറ്റുകളും 12 അധിക സ്റ്റാൻഡിംഗ് യാത്രക്കാർക്കും പ്രയോജനകരമായ വിധത്തിൽ സൂപ്പർ ഫാസ്റ്റ് ബസ് അനുവദിച്ചതിലൂടെ കൂടുതൽ യാത്രക്കാർക്ക് പ്രയോജനകരമാകുന്നതും, സൂപ്പർ എക്സ്പ്രസ് ബസ് |

| | | | |
|---|---|---|---|
| | | | നടത്തുന്ന അതേ സമയക്രമത്തിൽ തന്നെ സൂപ്പർഫാസ്റ്റ് ബസ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ചെലവ് വർദ്ധിക്കാതെ തന്നെ 2024 ഏപ്രിൽ മാസത്തെ കണക്ക് അനുസരിച്ച് ശരാശരി പ്രതി കിലോമീറ്റർ വരുമാനമായ 44.07 രൂപയിൽ നിന്നും 2024 ജൂൺ മാസത്തിൽ 50.54 രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഇത്തരത്തിൽ താരതമ്യേന കൂടിയ വരുമാനം ലഭ്യമാകുന്ന സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ